(സി) ഈ ഫയലിൽ ഉടനടി തീരുമാനമെടുക്കുകയും വേക്കൻസി വിവരങ്ങൾ പി. എസ്. സി. യെ അറിയിക്കുകയും ചെയ്യുമോ ;

(ഡി) പി. എസ്. സി.-യിൽ ഓപ്പറേറ്റർ നിയമനത്തിനുള്ള റാങ്ക് ലിസ്റ്റ് നിലവിലുള്ളതിനാൽ ഇപ്പോൾ വാട്ടർ അതോറിറ്റിയിൽ കോൺട്രാക്റ്റ് അടിസ്ഥാനത്തിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും നിയമിക്കപ്പെട്ടിട്ടുള്ളവരെ പിരിച്ചുവിട്ട് പി. എസ്. സി. ലിസ്റ്റിലുള്ളവരെ നിയമിക്കുന്നതിനുള്ള തടസ്സമെന്തെന്നു പറയുമോ ; കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിച്ചവരേയും എംപ്ലോയ്മെന്റ് വഴി നിയമിച്ചവരേയും പിരിച്ചുവിട്ട് പി. എസ്. സി. ലിസ്റ്റിലുള്ളവരെ നിയമിക്കാൻ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) പി. എസ്. സി. യിലേയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ട ഒഴിവുകളുടെ എണ്ണം താഴേത്തട്ടിലുള്ള ഓഫീസുകളിൽ നിന്നും ശേഖരിക്കേണ്ടതാകയാൽ വരുന്ന കാലതാമസമാണിത്. അല്ലാതെ ഫയൽ വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ ഓഫീസിൽ തീർപ്പാകാതെ കിടക്കുന്നതല്ല.

(ബി) മൊത്തം 524 ഒഴിവുകൾ ഉണ്ടെന്ന് ഇപ്പോൾ കണക്കാക്കിയിട്ടുണ്ട്.

(സി) 100 ഒഴിവുകൾ പി. എസ്. സി. യെ അറിയിച്ചുകഴിഞ്ഞു.

(ഡി) പി. എസ്. സി. റാങ്ക് ലിസ്റ്റിൽ ഉള്ളവരെ നിയമിക്കുന്നതിന് യാതൊരു തടസ്സവും നിലവിലില്ല. 100 വേക്കൻസികൾ പി. എസ്. സി. യെ അറിയിച്ചുകഴിഞ്ഞു. കാലാകാലങ്ങളിൽ കമ്മിഷൻ ചെയ്യുന്ന വാട്ടർ സപ്ലൈ സ്കീമുകൾ ഓപ്പറേറ്റു ചെയ്യുന്നതിന് സാംങ്ഷൻഡ് പോസ്റ്റുകൾ അനിവാര്യമാണ്. സാങ്ഷൻഡ് പോസ്റ്റുകളുടെ അടിസ്ഥാനത്തിൽ മാത്രമേ പി. എസ്. സി. യിൽ നിന്നും നിയമനം നടത്താൻ പാടുള്ളൂ. അതിനാൽ കമ്മീഷൻ ചെയ്യുന്ന സ്കീമും പ്രവർത്തിപ്പിക്കുന്നതിന് മറ്റ് മാർഗ്ഗങ്ങൾ അവലംബിക്കുന്നു.

വാട്ടർ അതോറിറ്റിയിൽ കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ ഓപ്പറേറ്റർ തസ്തികയിൽ നിയമിക്കപ്പെട്ടവർ

99 (991) ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റിയിൽ ഓപ്പറേറ്റർ തസ്തികയിൽ കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട എത്ര പേർ നിലവിൽ ജോലി ചെയ്യുന്നുണ്ട് ;

(ബി) പ്രസ്തുത തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു മുഖേന നിയമിക്കപ്പെട്ട എത്ര പേർ ജോലി ചെയ്യുന്നുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഓരോ വിഭാഗത്തിലും പെട്ടവരിൽ ഏറ്റവും കൂടുതൽ കാലം ജോലി ചെയ്തവരുടെ സർവ്വീസ് ദൈർഘ്യം എത്രയെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇപ്പോൾ ഈ രണ്ടു വിഭാഗത്തിൽപ്പെട്ടവരുടെയും ഇവർ ജോലി ചെയ്യുന്ന സ്ഥിരം തസ്തികയുൾപ്പെടെ ഓപ്പറേറ്റു തസ്തികയിൽ എത്ര ഒഴിവുകൾ വാട്ടർ അതോറിറ്റിയിൽ ഉണ്ട് ;

(ഇ) വാട്ടർ അതോറിറ്റിയിൽ ഓപ്പറേറ്റർ തസ്തികയിലേയ്ക്ക് നിയമിക്കപ്പെടുന്നതിനുള്ള ഉദ്യോഗാർത്ഥികളുടെ റാങ്ക് ലിസ്റ്റ് പി. എസ്. സി. പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ ആയത് എന്നാണെന്നും പ്രസ്തുത ലിസ്റ്റിൽ നിന്നും ഇതുവരെ എത്ര പേരെ നിയമിച്ചുവെന്നും വെളിപ്പെടുത്താമോ ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിയിൽ ഓപ്പറേറ്റർ തസ്തികയിൽ കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ ആരെയും നിയമിച്ചിട്ടില്ല.

(ബി) ഓപ്പറേറ്റർ തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു മുഖേന നിയമിക്കപ്പെട്ട 524 പേർ ജോലി ചെയ്യുന്നുണ്ട് ;

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിക്കപ്പെട്ട ആരെയും 179 ദിവസത്തിൽ കൂടുതൽ ജോലി ചെയ്യാൻ അനുവദിച്ചിട്ടില്ല.

(ഡി) കേരള വാട്ടർ അതോറിറ്റിയിൽ ഓപ്പറേറ്റർ തസ്തികയിൽ 524 വേക്കൻസികൾ ഇപ്പോൾ കണക്കാക്കിയിട്ടുണ്ട്.

(ഇ) ഉണ്ട്.

(എഫ്) 22-5-2003-ൽ പ്രസിദ്ധീകരിച്ചു. പി. എസ്. സി. യിൽ നിന്നും ഇതുവരെ അഡ്വൈസ് അയച്ചിട്ടുള്ള ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് ലഭിച്ചിട്ടില്ല. അത് ലഭ്യമാകുന്ന മുറയ്ക്ക് നിയമന ഉത്തരവ് നൽകുന്നതാണ്.

വാട്ടർ അതോറിറ്റി പമ്പ് ഓപ്പറേറ്റർ തസ്തികയിലേക്കുള്ള നിയമനത്തിനുള്ള പി. എസ്. സി. റാങ്ക് ലിസ്റ്റ്

100 (992) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാട്ടർ അതോറിറ്റി പമ്പ് ഓപ്പറേറ്റർ തസ്തികയ്ക്കായി സംസ്ഥാനത്ത് പി. എസ്. സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ;

(ബി) പ്രസ്തുത ലിസ്റ്റിൽ ആകെ എത്ര പേരാണുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) ടി തസ്തികയിൽ വാട്ടർ അതോറിറ്റിയുടെ കീഴിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly